മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുവാനും വിദഗ്ദ്ധ (സ്പെഷ്യലിസ്റ്റ്) ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും തീരുമാനിച്ചു. വികലാംഗർക്ക് വീൽ ചെയറും മറ്റ് ഉപകരണങ്ങളും സൗജന്യമായി നൽകും. 'ആശ' വോളണ്ടിയർമാരും മറ്റ് ആരോഗ്യപ്രവർത്തകരും വഴി സാന്ത്വന ചികിത്സ നൽകും. അധികജോലികൾക്കായി വേണ്ടിവരുന്ന ഡോക്ടരമാരെയും, മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനേയും എൻ.ആർ.എച്ച്.എം. മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ നടപടി സ്വീകരിച്ചു. മേഖലയിലെ 13 പ്രാഥമികാരോഗ്യ/സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ ഒരു വാഹനം വീതം ലഭ്യമാക്കുന്നതാണ്. രാവിലെ 9 മണി മുതൽ വൈകിട്ട് 5 വരെ രോഗികളുടെ യാത്രയ്ക്കാണ് ഇവ ഉപയോഗിക്കേണ്ടത്. ഇപ്പോൾ കാസർഗോഡുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റിനുപുറമേ പെരിയയിലും ബദിയഡുക്കയിലും ഓരോ മൊബൈൽ യൂണിറ്റ് ലഭ്യമാക്കും. മൂന്ന് വിഭാഗങ്ങളിലെയും ഓരോ ഡോക്ടർ, ഒരു പുരുഷ നഴ്സ്, ഒരു സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവർ സംഘത്തിലുണ്ടാകും.

ദുരിതബാധിതർക്ക് ആവശ്യമായ മുഴുവൻ മരുന്നുകളും മറ്റ് ഉപകരണങ്ങളും സൗജന്യമായി വാങ്ങി നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തി.

സാന്ത്വന പരിചരണത്തിനും ചികിത്സയ്ക്കും പഞ്ചായത്തുകൾ പ്രത്യേക കർമ്മപരിപാടി തയ്യാറാക്കണമെന്ന് തീരുമാനിച്ചു. ഇതിനായി പരിശീലനം കിട്ടിയ 184 'ആശ' വോളണ്ടിയർമാരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

തിരുവനന്തപുരം അന്തർദേശീയ വിമാന ടെർമിനലിന്റെ പ്രവർത്തനം

58 (114) ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോർജ്ജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിൽ പുതുതായി പണികഴിപ്പിച്ച ടെർമിനലിന്റെ പ്രവർത്തനം എന്ന് പൂർണ്ണമായി ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ടെർമിനലിന്റെ നിർദ്ദിഷ്ട പരീക്ഷണങ്ങൾ നടപ്പിലാക്കി കഴിഞ്ഞുവോ ;

(സി) പരീക്ഷണങ്ങളും ട്രയൽ റണ്ണിംഗ് നടത്തിയിട്ടും, ഈ ടെർമിനൽ കമ്മീഷൻ ചെയ്യാൻ ഇനിയും കാലതാമസമുണ്ടെന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഡി) ഈ ടെർമിനലിന്റെ പ്രവർത്തനം പൂർണ്ണതോതിൽ നടത്തുന്നതിന് ഇനിയും പുതിയ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടോ ;

(ഇ) ഇതിനായി ഇനിയും കൂടുതൽ സ്ഥലം ലഭ്യമാക്കണമെന്ന് എയർപോർട്ട് അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പുതിയ ടെർമിനലിൽ നിന്നും പരീക്ഷണാർത്ഥത്തിൽ സർവ്വീസുകൾ നടത്തിക്കഴിഞ്ഞു. ബഹു. പ്രധാനമന്ത്രി ഉടൻതന്നെ ടെർമിനൽ ഉത്ഘാടനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) ഇപ്പോൾ നിർമ്മിച്ച ടെർമിനലിന്റെ ആവശ്യത്തിനായി കൂടുതൽ സ്ഥലം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ ഡൊമസ്റ്റിക് ടെർമിനൽ ഉൾപ്പടെയുള്ള സൗകര്യങ്ങൾ ചാക്ക ഭാഗത്തേക്ക് മാറ്റുന്നതിനും മറ്റുമായി കൂടുതൽ സ്ഥലം ലഭ്യമാക്കാമെന്ന് സംസ്ഥാന സർക്കാർ ഉറപ്പുനൽകിയിട്ടുള്ളതാണ്. 88 ഏക്കർ സ്ഥലം കൂടി ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

എയർ ഇന്ത്യാ എക്സ്പ്രസ് ആസ്ഥാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ

59 (115) ശ്രീ. കെ. ബാബു :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ ഇൻഡ്യാ എക്സ്പ്രസ്സ് ആസ്ഥാനം കേരളത്തിൽ പ്രവർത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയുമെന്ന് അറിയിക്കുമോ ;

(സി) കൊച്ചിയിൽ പ്രവർത്തിച്ചു വരുന്ന എയർ ഇന്ത്യയുടെ പഴയ കെട്ടിടം ഇതിനായി ഉപയോഗിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഡി) എയർ ഇന്ത്യാ എക്സ്പ്രസ് ആസ്ഥാനം പൂർണ്ണമായും കേരളത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിന് ഇനിയും എന്തൊക്കെ കാര്യങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടത് ;

(ഇ) എയർ ഇന്ത്യാ എക്സ്പ്രസ്സ് ആസ്ഥാനം എന്നുമുതൽ പൂർണ്ണമായും സംസ്ഥാനത്ത് പ്രവർത്തനസജ്ജമാകും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly